പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3574 — 12.05.2017 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കളിലെ കാലഹരണപ്പെട്ട കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഐ.ടി.ഐ കളിൽ നിലവിലുള്ള കാലഹരണപ്പെട്ട കോഴ്സുകൾ കാലാനുസൃതമായി പുനക്രമീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്തിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ? | (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ നിലവിലുള്ള കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയേറിയതും, ജനപ്രിയമായതും. നവീനവുമായ ട്രേഡുകൾ കാലാനുസൃതമായി പുനക്രമീകരിക്കാറുണ്ട്. 2014-15 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പ്രയോജനപ്രദമല്ലാത്തതും തൊഴിൽ സാധ്യത യില്ലാത്തതുമായ 20 ഓളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ നിന്ന് ഒഴിവാക്കിയിരുന്നു. സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ നിന്ന് ടി ട്രേഡുകളുടെ യൂണിറ്റുകളും ഇതിനോടൊപ്പം കാലഹരണപ്പെട്ട മറ്റ് ട്രേഡുകളും യൂണിറ്റുകളും നിർത്തലാക്കുകയും പകരം നൂതനവും തൊഴിൽ സാധ്യതയുള്ളതുമായ ട്രേഡുകളുടെ 285 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിലും ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ.ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയോ;അതിന്റെ നടപടികൾ ഏതു വരെയായി എന്ന് വ്യക്തമാക്കാമോ? | (ബി) ഇല്ല. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പാണ് നൽകേണ്ടത്. ആയതിനുള്ള നടപടി ചീഫ് എഞ്ചിനീയറുടെ (ബിൽഡിംഗ്) തിരുവനന്തപുരം ഓഫീസിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ